# പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2026 മെയ് 21, വ്യാഴം

**നമ്പർ 1**

(സഭാനടപടികൾ ആരംഭിക്കുന്നതിനു മുൻപ് ദേശീയഗാനം ആലപിക്കുകയുണ്ടായി)

രാവിലെ 9.00 മണിക്ക് ശപഥം അഥവാ പ്രതിജ്ഞയെടുക്കുന്നതിനായി അംഗങ്ങൾ ചേംബറിൽ ഹാജരായി. ഭരണഘടനയുടെ 180-ാം അനുച്ഛേദം (1)-ാം ഖണ്ഡം അനുസരിച്ച് സ്പീക്കറുടെ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനായി നിയമിതനായ സഭാംഗം ശ്രീ. ജി. സുധാകരൻ അധ്യക്ഷത വഹിച്ചു. ഭരണഘടനയുടെ 180-ാം അനുച്ഛേദം (1)-ാം ഖണ്ഡം അനുസരിച്ച് സ്പീക്കറുടെ കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനായി ശ്രീ. ജി. സുധാകരനെ ഗവർണർ നിയമിച്ചിരിക്കുന്ന വിവരം സെക്രട്ടറി സഭയെ അറിയിച്ചു. പുതുതായി രൂപീകരിക്കപ്പെട്ട നിയമസഭയിലെ അംഗങ്ങളെ ഭരണഘടനയുടെ 3-ാം പട്ടികയിൽ കൊടുത്തിരിക്കുന്ന ഫാറം അനുസരിച്ച് ശപഥമോ പ്രതിജ്ഞയോ ചെയ്യിക്കുന്നതിന് ഭരണഘടനയുടെ 188-ാം അനുച്ഛേദം അനുസരിച്ച് ശ്രീ. ജി. സുധാകരനെ ഗവർണർ നിയമിച്ചിരിക്കുന്നതായും സെക്രട്ടറി സഭയെ അറിയിച്ചു.

139 തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഭരണഘടനയുടെ 188-ാം അനുച്ഛേദം അനുസരിച്ച് പ്രൊട്ടെം സ്പീക്കർ മുമ്പാകെ ശപഥം അഥവാ പ്രതിജ്ഞ ചെയ്യുകയും പ്രതിജ്ഞാഫാറത്തിലും അംഗത്വരജിസ്റ്ററിലും ഒപ്പുവെക്കുകയും ചെയ്തു.

2026 മെയ് 22-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 12.32-ന് സഭ പിരിഞ്ഞു.

ഷാജി സി. ബേബി,
*സെക്രട്ടറി-ഇൻ-ചാർജ്ജ്.*

KNPP.705/2026.

# SIXTEENTH KERALA LEGISLATIVE ASSEMBLY

First Session

# BULLETIN—PART I

(Brief Record of Proceedings)

*Thursday, May 21, 2026.*

**No.1**

(National anthem was sung before the commencement of the proceedings)

The Members assembled for making oath or affirmation at 9.00 a.m. in the Assembly Chamber. Shri G. Sudhakaran who was appointed by the Governor to perform the duties of the Speaker under Article 180(1) of the Constitution was in the Chair. The Secretary informed the House that under Article 180 (1) of the Constitution of India, the Governor has appointed Shri G. Sudhakaran to perform the duties of the Speaker and that under Article 188 of the Constitution the Governor has appointed Shri G. Sudhakaran as the person before whom members of the newly constituted Legislative Assembly shall make and subscribe oath or affirmation according to the form, set out for the purpose in the Third Schedule of the Constitution.

One hundred and thirty nine elected Members made and subscribed oath or affirmation before Protem Speaker and signed the Roll of Members under Article 188.

The House adjourned at 12.32 p.m. to meet again at 9.00 a.m. on Friday, 22nd May 2026.

SHAJI C. BABY,
*Secretary-in-Charge.*